പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4736

18.12.2014 ൽ
മറുപടിക്ക്

## നിലം നികത്തിയവർക്കെതിരെ നടപടി

ചോദ്യം
ശ്രീ.വി.ശിവൻകുട്ടി :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരുങ്കടവിള വില്ലേജ് ഓഫീസിന്റെ പരിധിയിലുള്ള ബ്ലോക്ക് നം 35-ൽ തണ്ടപ്പേർ നം.328 സർവ്വേ നം. 51/1-ൽ 00.07.00, 51/2 -ൽ 00.09.40. ആർ നിലം മണ്ണിട്ടു നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത നിലം നികത്തിയതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് പ്രസ്തുത നിലം നികത്തുന്നതിന് ജില്ലാ കലക്ടർ അദ്ധ്യക്ഷനായ സമിതി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു സമിതി ഇല്ല. |
| (ഡി)<br><br><br><br>(ഇ) | അനുമതി ഇല്ലാതെയാണ് നികത്തിയതെങ്കിൽ പ്രസ്തുത നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ; ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ? | (ഡി)<br>&<br>(ഇ) | വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |